## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 411** **10.06.2014 ൽ മറുപടിയ്ക്ക്**

## വൻകിട സൗരോർജ്ജ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുവാൻ കെ.എസ്.ഇ.ബി എൻ.എച്ച്.പി.സി യുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. 300 ഏക്കറോളം വിസ്തൃതിയുള്ള തരിശായ ചതുപ്പ് ഭൂമിയാണ് ഇതിനായി കണ്ടിരിക്കുന്നത്. സ്ഥല ലഭ്യതയുടെ കുറവാണ് വൻകിട പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രധാന പ്രതിബന്ധം. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പദ്ധതിക്ക് സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ; | <u>(ബി)യും (സി)യും</u><br><br>NHPC യാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നത്. വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br>i) ഭൂമിയുടെ പാട്ടവില കെ.എസ്.ഇ.ബി (വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഇതിനായി രൂപീകരിക്കുന്ന) കമ്പനിയ്ക്ക് നൽകുന്നു.<br>ii) പദ്ധതിയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക്, ഭൂമിയുടെ വില മൂലധനത്തിൽ ഉൾപ്പെടുത്താതെ കണക്കാക്കുകയും ആ വിലയ്ക്ക് കെ.എസ്.ഇ.ബി. പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വാങ്ങുകയും ചെയ്യും.<br>iii) ഭൂമിയുടെ പാട്ടത്തുക, കെ.എസ്.ഇ.ബി യുടെ വാർഷിക ചെലവുകളിൽ ഉൾപ്പെടുത്തുവാൻ റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടും. |

(ഡി) ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഉണ്ട്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 MW ന്റെ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. NHPC -യുമായിട്ട് 07.05.2014 -ൽ ധാരണാ പത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി KSERC നിശ്ചയിക്കുന്ന താരിഫിലാണ് വാങ്ങിക്കുന്നത്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തും ഭൂമി ഉടമസ്ഥനുമായിട്ട് Special Purpose Vehicle (SPV) രൂപീകരിക്കുന്നതിനുള്ള നടപടികൾ, കെ.എസ്.ഇ.ബി. സുഗമമാക്കി കൊടുക്കുന്നതാണ്. ഇതിലേയ്ക്കായി കെ.എസ്.ഇ.ബി., ഗ്രാമ പഞ്ചായത്ത്/എസ്.പി.വി. ആയിട്ട് ഒരു കരാറിൽ ഏർപ്പെടുന്നതാണ്. ഈ പദ്ധതിയിൽ നിന്ന് വൈദ്യുതി എടുക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈനുകളും ഉപകരണങ്ങളും (ഗവൺമെന്റിന്റെ) സോളാർ പോളിസി നിഷ്കർഷിക്കുന്നതനുസരിച്ച് ചെയ്തു കൊടുക്കുന്ന താണ്. ഈ പദ്ധതി ബിൽഡ് - ഓൺ-ഓപ്പറേറ്റ്-ട്രാൻസ്ഫർ (BOOT) മാതൃകയിലാണ് നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ